സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 23.09.2023

നമ്പർ. ഇ.എ-2/36294/23/ഡി.ടി.ഇ

**<u>സർക്കുലർ</u>**

വിഷയം:- വിദ്യാഭ്യാസം-സാങ്കേതികം- സർക്കാർ വകുപ്പുകൾ പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്ന ഫാറങ്ങളും, സർട്ടിഫിക്കറ്റുകളും , ദ്വിഭാഷയിൽ ( മലയാളവും, ഇംഗ്ലീഷും) ആയിരിക്കണമെന്ന സർക്കാർ ഉത്തരവ്- സംബന്ധിച്ച്

സൂചന :- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 31/8/2023 ലെ GO(MS)No.17/2023/P&ARD നംബർ സർക്കാർ ഉത്തരവ്

മേൽ സൂചന ഉത്തരവ് പ്രകാരം , സർക്കാർ വകുപ്പുകൾ പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്ന ഫാറങ്ങളും, സർട്ടിഫിക്കറ്റുകളും , ദ്വിഭാഷയിൽ ( മലയാളവും, ഇംഗ്ലീഷും) ആയിരിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. ഈ ഉത്തരവ് ഈ കാര്യാലയത്തിന്റെയും , വകുപ്പിന് കീഴിൽ ഉള്ള ഓഫീസുകളുടെയും, സ്ഥപനങ്ങളുടെയും അറിവിലേക്കായ് ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.

സുനിൽ കുമാർ സി വി
സീനിയർ അഡ്മിനിസ്ട്രേറ്റീവ്
ആഫീസർ

സ്വീകർത്താവ്

വകുപ്പിന് കീഴിലെ എല്ലാ കാര്യാലയങ്ങളുടെയും അറിവിലേക്കായ്(വെബ് സൈറ്റിലൂടെ)

Approval Valid

Digitally Approved By
സുനിൽ കുമാർ സി വി
Date: 23.09.2023
Reason: Approved

The document is digitally approved. Hence signature is not needed.

Draft #1 of File EA2/36294/23/DTE Approved by Senior Administrative Officer on 23-Sep-2023 10:24 AM - Page 1

ഭരണഭാഷ – മാതൃഭാഷ

**കേരളസർക്കാർ**

**<u>സംഗ്രഹം</u>**

OFFICE OF THE DIRECTOR OF TECHNICAL EDUCATION
01 SEP 2023
THIRUVANANTHAPURAM

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് - വിവിധ സർക്കാർവകുപ്പുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന ഫാറങ്ങളും സർട്ടിഫിക്കറ്റുകളും ദ്വിഭാഷയിലായിരിക്കണമെന്ന് നിർദേശം നൽകിക്കൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ഔദ്യോഗികഭാഷ)വകുപ്പ്**

**ജി.ഒ(എം.എസ്)നം.17/2023/പി&എആർഡി** **തിരുവനന്തപുരം, തീയതി.21/08/2023**

പരാമർശം:- 09/06/2022 തീയതിയിലെ ജി.ഒ(എം.എസ്)നം.12/2022/പി&എആർഡി ഉത്തരവ്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിതനയം. ഈ നയം നടപ്പിൽവരുത്തുന്നതിന്റെ ഭാഗമായി ഭാഷാന്യൂനപക്ഷങ്ങൾക്കുള്ള അവകാശങ്ങൾ നിലനിർത്തിക്കൊണ്ട്, സംസ്ഥാനത്തിനുള്ളിലെ ആവശ്യങ്ങൾക്കുള്ള ഫാറങ്ങളും സർട്ടിഫിക്കറ്റുകളും മലയാളത്തിൽമാത്രം അച്ചടിച്ചാൽ മതിയെന്ന് നിർദേശംനൽകിക്കൊണ്ട് പരാമർശപ്രകാരം ഉത്തരവു പുറപ്പെടുവിച്ചിരുന്നു.

എന്നാൽ, മലയാളഭാഷയിൽ മാത്രം അച്ചടിച്ച ഫാറങ്ങളും സർട്ടിഫിക്കറ്റുകളും ഉപയോഗിക്കുമ്പോൾ കേരളത്തിൽ അധിവസിക്കുന്ന ന്യൂനപക്ഷഭാഷക്കാർക്കും മലയാളഭാഷ കൈകാര്യം ചെയ്യുന്നതിൽ പിന്നാക്കം നിൽക്കുന്നവർക്കും കേരളത്തിൽ താമസിക്കുന്ന ഇതരസംസ്ഥാനക്കാർക്കും അവ കൃത്യമായി മനസ്സിലാക്കുന്നതിൽ ബുദ്ധിമുട്ടുണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഭാഷാന്യൂനപക്ഷങ്ങൾക്ക് നിലവിലുള്ള അവകാശങ്ങൾ നിലനിറുത്തിക്കൊണ്ട് വിവിധ സർക്കാർ വകുപ്പുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന ഫാറങ്ങളും സർട്ടിഫിക്കറ്റുകളും ദ്വിഭാഷയിലായിരിക്കണമെന്ന് (മലയാളവും ഇംഗ്ലീഷും) നിർദേശംനൽകി പരാമർശപ്രകാരമുള്ള ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

പ്രസ്തുത ആവശ്യത്തിലേക്കായി വകുപ്പുതലത്തിലുള്ള സോഫ്റ്റുവെയറുകളിൽ ആവശ്യമായ മാറ്റംവരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ഉദയകുമാർ.എസ്.ആർ**

ജോയിന്റ്സെക്രട്ടറി

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി /പ്രിൻസിപ്പൽ സെക്രട്ടറി /സെക്രട്ടറി /സ്പെഷ്യൽ സെക്രട്ടറിമാർക്കും സെക്രട്ടേറിയറ്റിലെ ധനകാര്യം, നിയമം ഉൾപ്പെടെ എല്ലാ വകുപ്പുകളിലെ സെക്ഷനുകൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും/എല്ലാ വകുപ്പുമേധാവികൾക്കും
സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖല/അർധസർക്കാർ/സ്വയംഭരണ/സഹകരണ സ്ഥാപനങ്ങളുടെ തലവൻമാർക്ക്
വിവര-പൊതുജനസമ്പർക്ക (വെബ് & മീഡിയ വിഭാഗം/ പ്രസ് റിലീസ് വിഭാഗം) വകുപ്പ്
പ്രിന്റിങ് & സ്റ്റേഷനറി വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ